കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911

മുൻ എം.എൽ.എ റോസമ്മ ചാക്കോ നിര്യാതയായി

കോട്ടയം : മുതിർന്ന കോൺഗ്രസ് നേതാവും മുൻ എം.എൽ.എയുമായിരുന്ന റോസമ്മ ചാക്കോ (93) നിര്യാതയായി. ഇന്നലെരാവിലെയായിരുന്നു അന്ത്യം.

1927 മാർച്ച് 17 ന് സി. ചാക്കോയുടെയും, മറിയമ്മ ചാക്കോയുടെയും മകളായാണ് റോസമ്മ ജനിച്ചത്. 1982 ൽ ഇടുക്കിയിൽ നിന്ന് ആദ്യമായി നിയമസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1987 ൽ ചാലക്കുടിയിൽ നിന്നും, പിന്നീട് മണലൂരിൽ നിന്നും വിജയിച്ചു. കെ.പി.സി.സി വൈസ് പ്രസിഡന്റ്, മഹിളാകോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. മുൻമുഖ്യമന്ത്രി കെ.കരുണാകരന്റെ ഏറ്റവും അടുത്ത സഹപ്രവർത്തകയായിരുന്നു. സംസ്കാരം 17 ന് ഉച്ചകഴിഞ്ഞ് രണ്ടിന് തോട്ടയ്ക്കാട്ടുശ്ശേരി സെന്റ് ജോർജ് പള്ളിയിൽ.

മധു മാത്തൻ എയർ ഇന്ത്യയുടെ ഇൻഫ്ലൈറ്റ് സർവീസുകളുടെ എക്സിക്യൂട്ടിവ് ഡയറക്ടർ

തിരുവനന്തപുരം: എയർ ഇന്ത്യയുടെ ഇൻഫ്ലൈറ്റ് സർവീസുകളുടെ എക്സിക്യൂട്ടിവ് ഡയറക്ടറായി മധു മാത്തനെ നിയമിച്ചു. നാല് വർഷത്തോളം ഫാർമസ്യൂട്ടിക്കൽ രംഗത്ത് പ്രവർത്തിച്ച മധു 1992 ലാണ് എയർ ഇന്ത്യയിലെത്തുന്നത്. റീജിയണൽ സെയിൽസ് മാനേജർ, റീജിയണൽ മാനേജർ തുടങ്ങിയ നിലയിൽ പ്രവർത്തിച്ച മധു മാത്തൻ ആസ്ട്രേലിയയിലേക്കുള്ള എയർ ഇന്ത്യയുടെ സർവീസുകളിൽ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. മാർക്കറ്റിംഗ് ജനറൽ മാനേജരായി സേവനം അനുഷ്ഠിച്ച കാലത്താണ് എയർ ഇന്ത്യ സ്റ്റോക്ക്ഹോം, കോപൻഹേഗൻ, ടെൽ അവീവ് തുടങ്ങിയ ഇടങ്ങളിലേക്ക് സർവീസ് ആരംഭിച്ചത്. ഇന്ത്യൻസബ്കോണ്ടിനന്റൽഎയർലൈനിൽനിന്ന് ഐ.എ.ടി.എ പാസഞ്ചർ സ്റ്റിയറിംഗ് ഗ്രൂപ്പിലെ അപക്സ് അഡൈ്വസറി ബോഡിയിൽ അംഗമായ ഏകയാൾ മധുവാണ്.

കോഴഞ്ചേരി ചിറകരോട്ട്ഹൗസിൽ പരേതരായ സി.എം. മാത്യുവിന്റെയും ലീല മാത്യുവിന്റെയും മകനായ മധു തിരുവനന്തപുരം ലയോളസ്കൂൾ, ഗവ. ആർട്ട്സ് കോളേജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഒഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവിടങ്ങളിൽ നിന്നാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്.

കാന്തപുരം രാഹുൽ ഗാന്ധിയുമായി കൂടിക്കാഴ്ച നടത്തി

മട്ടന്നൂർ(കണ്ണൂർ): കണ്ണൂർ അന്താരാഷ്ട്രവിമാനത്താവളത്തിൽകോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധിയുമായികാന്തപുരംഎ.പി. അബൂബക്കർ മുസ്ലിയാർ കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ ഗ്രാൻഡ് മുഫ്തിയായ കാന്തപുരത്തെ രാഹുൽ ഗാന്ധി അഭിനന്ദിച്ചു. അജ്മീരിലെ ഖ്വാജാഗരീബ് നിവാസ് ഉറൂസിൽ മുഖ്യാതിഥിയായി പങ്കെടുത്ത ശേഷം കടകിലേക്ക് പോകാനായികണ്ണൂർ വിമാനത്താവളത്തിലിറങ്ങിയ കാന്തപുരം കോൺഗ്രസ് അദ്ധ്യക്ഷനുമായി പത്തുമിനിട്ടോളം ചെലവഴിച്ചു.

കാന്തപുരത്തിന് കണ്ണൂർ വിമാനത്താവളത്തിൽ കേരളമുസ്ലിംജമാഅത്ത്, എസ്.വൈ.എസ്, എസ്.എസ്.എഫ് പ്രവർത്തകർസ്വീകരണം നൽകി.

കൃപേഷിന്റെയും ശരത്തിന്റെയും വീടുകൾ സന്ദർശിച്ചു

കുടുംബത്തെ നെഞ്ചോട് ചേർത്ത്, കണ്ണീരൊപ്പി രാഹുൽ

ഉദിനൂർ സുകുമാരൻ

കാസർകോട് : പെരിയയിൽ കൊല്ലപ്പെട്ട യൂത്ത് കോൺഗ്രസ് പ്രവർത്തകൻ കൃപേഷിന്റെ വീട്ടിലെത്തിയ കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽഗാന്ധി കൃപേഷിന്റെപിതാവ്കൃഷ്ണനെനെഞ്ചോട് ചേർത്ത് പിടിച്ച് ആശ്വസിപ്പിച്ചപ്പോൾകണ്ടുനിന്നവരെല്ലാം വിങ്ങിപ്പൊട്ടി. കൃഷ്ണനും അടച്ചുറപ്പില്ലാത്ത ആ കൂരയിൽ കഴിയുന്ന കുടുംബത്തിനും പ്രിയനേതാവിന്റെ സന്ദർശനം വലിയൊരു ആശ്വാസമായി.

വീടിനുള്ളിലേക്ക് കൃഷ്ണനെയും ചേർത്ത് പിടിച്ച്കയറിയരാഹുൽ കട്ടിലിൽ ഏറെ നേരം ഇരുന്നു. കൃഷ്ണനെയും സമീപം പിടിച്ചിരുത്തി.

കൃപേഷിന്റെ അമ്മ ബാലാമണി, സഹോദരിമാരായ കൃപ, കൃഷ്ണപ്രിയ, മറ്റുബന്ധുക്കൾ എന്നിവരുമായും അദ്ദേഹം 15 മിനിട്ടോളം സംസാരിച്ചു. ഇന്നലെ ഉച്ചയ്ക്ക് 2.15 ഓടെയാണ്പെരിയകേന്ദ്രസർവകലാശാലയിലെഹെലികോപ്ടർ ഇറങ്ങിയ രാഹുൽഗാന്ധി കൃപേഷിന്റെ വീട്ടിലെത്തിയത്.

പെരിയ കല്ലിയോട്ട് കൊല്ലപ്പെട്ട യൂത്ത് കോൺഗ്രസ് പ്രവർത്തകൻ കൃപേഷിന്റെ കുടിൽ രാഹുൽ ഗാന്ധി സന്ദർശിക്കുന്നു

ഫോട്ടോ: എ.ആർ.സി. അരുൺ

തുടർന്ന്ശരത്ലാലിന്റെ വീട്ടിലും 15 മിനിട്ടോളം രാഹുൽ ചെലവഴിച്ചു.ശരത്തിന്റെഅച്ഛൻസത്യനാരായണനും അമ്മയും സഹോദരങ്ങളും ബന്ധുക്കളുമായും രാഹുൽ സംസാരിച്ചു.

കൃപേഷിന്റെയും ശരത്തിന്റെയും ചങ്ങാതിമാരെയും ആശ്വസിപ്പിച്ച ശേഷമാണ് രാഹുൽ മടങ്ങിയത്. എ.ഐ.സി.സി ജനറൽ സെക്രട്ടറിമാരായ ഉമ്മൻചാണ്ടി, കെ.സി. വേണഗോപാൽ, കെ.പി.സി.സി പ്രസിഡന്റ്മുല്ലപ്പള്ളി രാമചന്ദ്രൻ, പ്രതിപക്ഷ നേതാവ്രമേശ്ചെന്നിത്തല, മുകൾവാസനിക്എം.പി, ഹൈബിഈഡൻഎം.എൽ.എ, യൂത്ത്കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ്ഡീൻ കുര്യാക്കോസ്, കാസർകോട് ഡി.സി.സി പ്രസിഡന്റ് ഹക്കിം കുന്നിൽ, എ. നീലകണ്ഠൻ, പെരിയ ബാലകൃഷ്ണൻ, സാജിദ്മൗവ്വൽ എന്നിവരുംരാഹുലിനൊപ്പമുണ്ടായിരുന്നു.

കൊലയാളികളെ പിടികൂടാൻ കോൺഗ്രസ് ഏതറ്റം വരെയും പോകുമെന്ന് രാഹുൽ

പെരിയ കല്യോട്ട് കൊല്ലപ്പെട്ട യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ കുടുംബത്തിന് നീതി ലഭ്യമാക്കണമെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽഗാന്ധി പറഞ്ഞു.

കൃപേഷിന്റെയും ശരത്ലാലിന്റെയും കൊലപാതകത്തിന് ഒരുതരത്തിലുള്ള നീതീകരണവുമില്ല. മുഴുവൻകൊലയാളികളെയും അറസ്റ്റ് ചെയ്ത് കൊല്ലപ്പെട്ടവരുടെ കുടുംബത്തിന് നീതി ലഭ്യമാക്കാൻ സർക്കാരും പൊലീസും തയ്യാറാകണം. അതല്ലെങ്കിൽ കുടുംബത്തിന് നീതി കിട്ടുന്നതിന് കോൺഗ്രസ് ഏതറ്റം വരെയും പോകും. കൃപേഷിന്റേയും ശരത്തിന്റെയും വീട്ടുകളിലെത്തി ബന്ധുക്കളെ കാണുകയും ആശ്വസിപ്പിക്കുകയും ചെയ്ത ശേഷം മാദ്ധ്യമ പ്രവർത്തകരുടെ അടുത്തേക്ക്വന്നാണ്രാഹുൽഗാന്ധിഇക്കാര്യം പറഞ്ഞത്. കേന്ദ്രത്തിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ എത്തിയാൽ സി.ബി.ഐ അന്വേഷണം നടത്തുമെന്നും കൃപേഷിന്റെ അച്ഛൻ കൃഷ്ണനും ബന്ധുക്കൾക്കും രാഹുൽഗാന്ധി ഉറപ്പ നൽകി. ഈ കുടുംബങ്ങളെ സംരക്ഷിക്കുമെന്നും രാഹുൽ പറഞ്ഞു.

> രാഹുൽഗാന്ധിയുടെ വരവോടെ മക്കളെ നഷ്ടപ്പെട്ട ഞങ്ങളുടെ കുടുംബത്തിന് നീതി കിട്ടുമെന്ന് ഉറപ്പായി. മുഖ്യമന്ത്രികാസർകോട്ട് വന്നിട്ടും ഇങ്ങോട്ടുതിരിഞ്ഞുനോക്കാതെ പോയിടത്താണ് രാഹുൽഗാന്ധി വന്നത്. ക്രൈംബ്രാഞ്ച്അന്വേഷണം ശരിയായദിശയിലല്ലനടക്കുന്നത്. ഒരുമാസം അന്വേഷിച്ചിട്ടും ഒന്നും ചെയ്യാൻ അവർക്ക് കഴിഞ്ഞിട്ടില്ല..
>
> *കൃപേഷിന്റെ അച്ഛൻ കൃഷ്ണൻ*

രാഹുൽ ഷുഹൈബിന്റെ കുടുംബാംഗങ്ങളെ കണ്ടു

മട്ടന്നൂർ (കണ്ണൂർ): കണ്ണൂർ അന്താരാഷ്ട്രവിമാനത്താവളത്തിലെത്തിയകോൺഗ്രസ്അദ്ധ്യക്ഷൻരാഹുൽഗാന്ധി രാഷ്ട്രീയ കൊലപാതകത്തിനിരയായ യൂത്ത് കോൺഗ്രസ് മട്ടന്നൂർ ബ്ലോക്ക് സെക്രട്ടറി ഷുഹൈബിന്റെ കുടുംബാംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി. പാസഞ്ചർ ടെർമിനൽ കെട്ടിടത്തിലെ വി.ഐ.പി ലോഞ്ചിലായിരുന്നു കൂടിക്കാഴ്ച. 40 മിനിട്ടോളം അദ്ദേഹം അവരുമായി ചെലവഴിച്ചു. ഷുഹൈബിനെ പോലുള്ള ധീരരായ പ്രവർത്തകരുടെഓർമ്മകൾഎന്നുംകോൺഗ്രസിന്ആവേശംപകരുമെന്ന് രാഹുൽ പറഞ്ഞു. രാഷ്ട്രീയ കൊലപാതകങ്ങൾ കാരണം ഒരു വീട്ടിലും മാതാപിതാക്കളുടെയും കുഞ്ഞുങ്ങളുടെയും നിലവിളി ഉയരാതിരിക്കാൻ ഇടപെടണമെന്ന് ഷുഹൈബിന്റെ മാതാപിതാക്കൾ രാഹുലിനോട് അഭ്യർത്ഥിച്ചു. രാഹുലിനൊപ്പം എ.ഐ.സി.സി ജനറൽ സെക്രട്ടറിമാരായ മുകുൾവാസ്നിക്, കെ.സി. വേണഗോപാൽ, കെ.പി.സി.സി പ്രസിഡന്റ്മുല്ലപ്പള്ളി രാമചന്ദ്രൻ, എ.ഐ.സി.സി സി ജനറൽ സെക്രട്ടറി ഉമ്മൻചാണ്ടി, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എന്നിവരുമുണ്ടായിരുന്നു

മട്ടന്നൂരിൽ കൊല്ലപ്പെട്ട ഷുഹൈബിന്റെ കുടുംബാംഗങ്ങളെ സന്ദർശിക്കുന്നതിനായി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിൽ എത്തിയ കോൺഗ്രസ് ദേശീയ അധ്യക്ഷൻ രാഹുൽ ഗാന്ധി ഷുഹൈബിന്റെ പിതാവ് സി.പി. മുഹമ്മദിനോടും മറ്റുമക്കളോടുമൊപ്പം. കെ.പി.സി.സി പ്രസിഡന്റ്മുല്ലപ്പള്ളി രാമചന്ദ്രൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എന്നിവർ സമീപം

30-ാം ചരമവാർഷികം (15.03.2019)

വി.ജെ.വിമലാനന്ദവല്ലി

എസ്.എൻ. സദനം, മംഗലത്തുകോണം, ബാലരാമപുരം.

സന്തപ്തകുടുംബാംഗങ്ങൾ -
ഭർത്താവ്: പി.കൃഷ്ണൻ (Rtd. Headmaster)
മക്കൾ: കെ.വി. ഷാജി (General Manager, Canara Bank), ഡോ. കെ.വി. ഷാജിലാൽ, ഡോ. ഷിബു പി. കൃഷ്ണൻ.
മരുമക്കൾ: ഹീരാ ഷാജി, ഡോ. രോഷ്നി ഷാജിലാൽ, ഡോ. അപൂർവ്വാ ഷിബു.
ചെറുമക്കൾ.

സഞ്ചയനം നാളെ (16.03.2019)

മനോഹരൻ.എസ് (61)
പ്രിയ നിവാസ്, TC. 31/279 (5), ചാക്ക.

മാന്യരേ,
എന്റെ അടിവന്ദ്യഭർത്താവ് **എസ്. മനോഹരൻ** (61) (Rtd. TTP) 12.03.2019 ചൊവ്വാഴ്ച വെളുപ്പിന് 4.30 മണിക്ക് നിര്യാതനായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. പരേതന്റെ **മരണാനന്തരചടങ്ങുകൾ 16.03.2019 ശനിയാഴ്ചരാവിലെ 8.00 ന്** നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ഇത്അറിയിപ്പായികരുതി എല്ലാ ബന്ധുമിത്രാദികളും അന്നേദിവസം വസതിയിൽ എത്തിച്ചേരാൻ താൽപര്യപ്പെടുന്നു.

ദുഃഖിതരായ
ഭാര്യയും മക്കളും
മരുമക്കളും
ചെറുമക്കളും,
ബന്ധുമിത്രാദികളും.

NB: ചരമവിവരം യഥാസമയം അറിയിക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുക

കേരളകൗമുദി ആഴ്ചപ്പതിപ്പ്

പുതിയ ലക്കം വിപണിയിൽ

Vol. No. 109 Issue No. 73 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .